(സി) ഒന്നാംഘട്ടത്തിന്റെ നിർമ്മാണ കരാറുകൾ എന്നാണ് നൽകിയത്; എന്നാണ് നിർമ്മാണം ആരംഭിച്ചത്;

(ഡി) ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന് എന്തു തുക ചെലവാകും എന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്;

(ഇ) ഒന്നാംഘട്ടത്തിന് ലോകബാങ്കിൽ നിന്നും ലഭ്യമായ തുക എത്ര;

(എഫ്) ഒന്നാംഘട്ടത്തിന്റെ കൺസൾട്ടൻസി ഫീസായി ഇതിനകം എന്ത് തുക നൽകിക്കഴിഞ്ഞിട്ടുണ്ട്?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) കേരള സംസ്ഥാന ഗതാഗത പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. 3 പാക്കേജുകളിലായി ഏകദേശം 50% പണികൾ 2006 ജനുവരിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതുമുഖം 14 കോടി രൂപയും വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി ലൈൻ, ടോലിഫോൺ തുടങ്ങിയവ പുനഃസ്ഥാപിക്കുന്നതുമുഖം 40 കോടി രൂപയും ഉൾപ്പെടെ 54 കോടി രൂപ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ അധിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

(സി) ഒന്നാംഘട്ടം നിർമ്മാണ കരാറുകൾ 2002 നവംബറിൽ നൽകി. നിർമ്മാണം 2002 ഡിസംബറിൽ ആരംഭിച്ചു.

(ഡി) ഒന്നാംഘട്ടം പൂർത്തിയാക്കുന്നതിന് കോൺട്രാക്ട് തുക ഉദ്ദേശം 510.90 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ) ഒന്നാംഘട്ടത്തിന് 97 മില്ല്യൺ ഡോളർ (436.5 കോടി രൂപ) 2005 ഡിസംബർ 31-ാം തീയതി വരെ ലോകബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(എഫ്) ഒന്നാംഘട്ടത്തിന്റെ കൺസൾട്ടൻസി ഫീസായി ഇതിനകം 13 കോടി 24 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ്

22 [*61] ശ്രീ. പിരപ്പൻകോട് മുരളി:
" കോടിയേരി ബാലകൃഷ്ണൻ:
" എം. പ്രകാശൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന സ്വാശ്രയ വിദ്യാഭ്യാസ നിയമത്തെ അടിസ്ഥാനപ്പെടുത്തി ആവശ്യമായ എന്തെല്ലാം തീരുമാനങ്ങളാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് സംവരണം ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് നിർണ്ണയം സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കേന്ദ്ര ഗവൺമെന്റ് പൊതുവായ ഒരു സ്വാശ്രയ നിയമം നടപ്പാക്കിയിട്ടില്ല.

(ബി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സർക്കാർ വിഹിതമായി നിശ്ചയിച്ച് കിട്ടുന്ന 50% സീറ്റുകളിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുൾപ്പെടെ നിലവിലുള്ള സംവരണ തത്വം പാലിക്കപ്പെടുന്നുണ്ട്.

(സി & ഡി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസ് ബഹു. സുപ്രീം കോടതിയുടെ വിധിപ്രകാരം ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായുള്ള കമ്മിറ്റിയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശിപ്പിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ഈടാക്കുന്നതിന് 11-7-2005-ലെ ജി.ഒ.(എം.എസ്.) നം. 93/2005/ഉ.വി.വ. നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഭക്ഷ്യവിതരണ രംഗത്ത് കേന്ദ്ര സർക്കാരിന്റെ നയം

23 [*62] ശ്രീ. മഞ്ഞളാംകുഴി അലി:

,, എ. കെ. ബാലൻ:

,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വിതരണ രംഗത്ത് കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന നയം സംസ്ഥാനത്ത് നിലനിൽക്കുന്ന പൊതുവിതരണ സമ്പ്രദായത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ അടച്ചുപൂട്ടാനുള്ള നിർദ്ദേശം രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷിതത്വത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly